**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4278** **06-03-2023 - ൽ മറുപടിയ്ക്ക്**

**കേരള വിൽപ്പന നികുതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം 2017-18 മുതൽ സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ പ്രതിമാസ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ ഭൂരിഭാഗം ബാർ ഹോട്ടലുകളും പ്രതിമാസ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്യുന്നുണ്ട്. |
| (ബി) | പ്രതിമാസ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ സംസ്ഥാന നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രതിമാസ നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബാർ ഹോട്ടലുകൾക്കെതിരെ കേരള വിൽപ്പന നികുതി നിയമം 1963 പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | 2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനുവരി വരെ പ്രതിമാസ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത എത്ര ബാർ ഹോട്ടലുകളുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനുവരി വരെ പ്രതിമാസം നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത 328 ബാർ ഹോട്ടലുകൾ ഉണ്ട്. |
| (ഡി) | 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ പ്രതിമാസ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് മാസം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | പ്രതിമാസ റിട്ടേണുകൾ സമർപ്പിക്കാത്ത ബാർ ഹോട്ടലുകൾക്കെതിരെ 2022 ഏപ്രിൽ മുതൽ 2023 ജനുവരി വരെ കേരള വിൽപ്പന നികുതി നിയമം 1963 സെക്ഷൻ 45A പ്രകാരം നോട്ടീസ് നൽകുകയും പ്രൊവിഷണൽ അസസ്സ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ